# 12

# ദൈവത്തിന്റെ വിശുദ്ധ പുരോഹിതവർഗ്ഗം

"... നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേക്കും മഹത്വവും ബലവും ആമേൻ" (വെളിപ്പാട് 1:5, 6).

ഒരു മുതിർന്ന പുരുഷനും അമേരിക്കൻ പൗരനും എന്ന നിലയിൽ, രണ്ടു നിയമങ്ങളിൻകീഴിലാണ് ഞാൻ ജീവിച്ചത്. കുട്ടിയായിരുന്നപ്പോൾ, പ്രായം തികയാത്തവർക്കു രാജ്യത്തുള്ള നിയമം അനുസരിച്ചിരുന്നു. ആ സമയത്ത്, ഒരു കാർ ഓടിക്കുവാൻ അനുവാദമില്ലായിരുന്നു, ഒരു വീട് സ്വന്തമാക്കുവാനോ, എന്റേതായ ബാങ്ക് എക്കൗണ്ട് തുടങ്ങുവാനോ, വോട്ടവകാശമോ ഉണ്ടായിരുന്നില്ല. എന്റെ മാതാപിതാക്കളുടെ മേൽനോട്ടത്തിൽ ഞാൻ കഴിയണമായിരുന്നു. മാതാപിതാക്കളുടെ സമ്മതമില്ലാത്ത എന്റെ ഒപ്പിനു അന്നു ഒരു വിലയുമില്ലായിരുന്നു. എന്നെ ഒരു കുട്ടിയായി കണക്കാക്കി, എന്റെ ജീവിതത്തെ പ്രത്യേക നിയമത്താൽ സുരക്ഷിതമാക്കിയിരുന്നു.

ഇപ്പോൾ, ഒരു മുതിർന്ന പുരുഷൻ എന്ന നിലയിൽ, ഞാൻ മറ്റു നിയമങ്ങളിൻകീഴിലാണ് വരുന്നത്. ഈ നിയമപരിധികളിൽ, എനിക്കു വീടു സ്വന്തമാക്കാം, കാർ ഓടിക്കാം, വ്യക്തിപരമായ ബാങ്ക് എക്കൗണ്ട് തുടങ്ങാം, പരസ്യ ഉദ്യോഗസ്ഥന്മാരെ വോട്ടു ചെയ്തു തിരഞ്ഞെടുക്കാം. ഈ നിയമങ്ങളിൽ, ഞാൻ ഒരു വ്യക്തിയായി അറിയപ്പെടുമ്പോൾ, പ്രത്യേക നേട്ടങ്ങളും വ്യക്തിപരമായ ഉത്തരവാദിത്വങ്ങളുമുണ്ട്. എനിക്കു ജോലി തിരഞ്ഞെടുത്തു പണം സമ്പാദിക്കാം, എന്നാൽ ഞാൻ സമ്പാദിക്കുന്ന പണത്തിൽ ഞാൻ നികുതി കൊടുക്കണം. എന്റെ മാതാപിതാക്കളുടെ സമ്മതമില്ലാതെ, സ്വയമായി എനിക്കു തീരുമാനം

എടുക്കാം, പക്ഷെ എന്റെ പ്രവൃത്തികൾ അനുസരിച്ചു വിധിക്കപ്പെടുകയും ചെയ്യും. പ്രായപൂർത്തിയായപ്പോൾ, ഞാൻ പുതിയ നിയമങ്ങൾക്കു വിധേയമായി ജീവിക്കേണ്ടിവന്നു: അവ കുട്ടിയായിരുന്നപ്പോഴത്തെ നിയമങ്ങളിൽ നിന്നു വ്യത്യസ്തമായിരുന്നു.

ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരും അതേ സാഹചര്യത്തിലായിരുന്നു. അവർ ജീവിച്ചിരുന്നതു രണ്ടുതരം ആത്മീയ നിയമങ്ങളിൻ കീഴിലായിരുന്നു. അവർ മോശെയുടെ നിയമം അനുസരിച്ചു ദൈവാലയത്തിൽ യാഗം കഴിക്കണമായിരുന്നു, വാർഷിക ഉത്സവങ്ങളും, പെരുന്നാളുകളും ആഘോഷിക്കയും, നിയമിക്കപ്പെട്ട പുരോഹിതന്മാർ മുഖാന്തരം ദൈവത്തോടു ബന്ധപ്പെടുകയും, മോശെ മുഖാന്തരം, യിസ്രായേലിന്നു കൊടുത്ത എല്ലാ കല്പനകളും അവർ അനുസരിക്കുകയും ചെയ്യണമായിരുന്നു. പിന്നെ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമുള്ള പെന്തെക്കൊസ്തുനാളിൽ, യെരുശലേമിൽ ക്രിസ്ത്യാനിത്വം ആരംഭിച്ചു. ചില യെഹൂദന്മാർ ക്രിസ്തുവിനെ അവന്റെ സഭയിൽ അനുഗമിക്കുവാൻ തീരുമാനിക്കുകയും, ദൈവത്തിന്റെ പുതിയ നിയമം അനുസരിക്കുവാൻ അവർ മോശെ മുഖാന്തരം യിസ്രായേലിന്നു കൊടുത്ത നിയമങ്ങളിൽ നിന്നു മാറി. പുതിയ നിയമത്തിൻകീഴിൽ ക്രിസ്ത്യാനികളായതുകൊണ്ടു, വിശ്വാസത്താൽ, അപ്പൊസ്തലന്മാർ വെളിപ്പെടുത്തിയ ക്രിസ്തുവിന്റെ ഇഷ്ടം അനുസരിച്ചു ക്രിസ്തുവിന്റെ ആത്മിയ ശരീരത്തിൽ ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു.

മോശെയുടെ ന്യായപ്രമാണത്തിൽനിന്നു ക്രിസ്ത്യാനിത്വത്തിലേക്കു യെഹൂദന്മാർ മാറിയതുകൊണ്ടു, ആ ധീരമായി വിശ്വസിച്ചവരിൽ തെളിഞ്ഞ ഒരു സത്യം എന്തെന്നാൽ, ഇനി തന്റെ ജനത്തിൽ നിന്നു ഒരു പ്രത്യേകഗോത്രത്തെ മാത്രമല്ല പുരോഹിതന്മാരാക്കുന്നതു, പിന്നെയോ, തന്റെ ജനങ്ങൾ എല്ലാം പുരോഹിതന്മാരാകും എന്നതാണ്. പുതിയ നിയമം അനുസരിച്ചു, തന്റെ രക്തത്താൽ കഴുകി ശുദ്ധീകരിച്ചവരെയെല്ലാം ക്രിസ്തു "തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു'' (വെളിപ്പാട് 1:6). ക്രിസ്തുവിൽ, നാം "തിരഞ്ഞെടുക്കപ്പെട്ട ജാതിയും, രാജകീയ പുരോഹിത വർഗ്ഗവും, വിശുദ്ധവംശവും, സ്വന്ത ജനവും ആകുന്നു" (1 പത്രൊസ് 2:9). നാം ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെട്ടു "ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്കവിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു" (1 പത്രൊസ് 2:5). എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാർ ആകും എന്നതു യെഹൂദന്മാരെ പോലെ നമ്മെയും, അതിശയിപ്പിക്കയും, നമ്മിൽ പ്രചോദനവും, വിസ്മയവും, അഗാധമായ കൃതാർത്ഥതയും ജനിപ്പിക്കും.

സഭയുടെ പൗരോഹിത്യ സ്വഭാവം, മനസ്സിലാക്കി കഴിയുമ്പോൾ, അതു ഓരോ ക്രിസ്ത്യാനിയേയും ഉത്തേജിപ്പിക്കും. മുൻ നിയമത്തിൻ കീഴിൽ ദൈവം ലേവ്യരെയാണ് പുരോഹിതന്മാരായി ആദരിച്ചത്; ഈ കാലത്തിൽ, ക്രിസ്തുവിലേക്കു വരുന്ന ഓരോ പുരുഷനേയും

സ്ത്രീയേയും ദൈവം പുരോഹിതരാക്കി ആദരിക്കുന്നു.

ദൈവത്തിന്റെ മക്കൾ എല്ലാവരും പുരോഹിതന്മാരാണ് എന്ന സത്യം നമ്മെ ഉത്തേജിപ്പിക്കുന്നില്ലേ? അതിന്റെ പ്രാധാന്യം നാം കാണുന്നുണ്ടോ? നമുക്കു അതിനെ കൂടുതൽ – ആഴത്തിൽ ചിന്തിക്കാം.

## ദൈവത്തിൽനിന്നു ഒരു പ്രത്യേക നേട്ടം

ക്രിസ്ത്യാനികളായിത്തീർന്നവർക്കു പുരോഹിതന്മാർ എന്ന നേട്ടം ലഭിക്കുന്നു: ദൈവം അവരോടു ഒരു പ്രത്യേക ബന്ധം, അവൻ പഴയ നിയമപുരോഹിതന്മാരോടു ചെയ്തതുപോലെ പുലർത്തും.

മോശെയുടെ കാലത്തിലെ പുരോഹിതന്മാർക്കു ദൈവത്തോടു ഒരു പ്രത്യേക കൂട്ടായ്മ ഉണ്ടായിരുന്നു. അവർ ഓരോ ദിവസവും ദൈവസന്നിധിയിൽ കഴിഞ്ഞിരുന്നു, മറ്റു യിസ്രായേല്യർക്കു ആ നേട്ടം ലഭിച്ചിരുന്നില്ല. അവർ ദൈവത്തിന്നു കാണത്തക്കവണ്ണം, സമാഗമന കൂടാരത്തിന്റെ മുൻപിൽ ആയിരുന്നു, പുരോഹിതന്മാർ കൂടാരം അടിച്ചിരുന്നത്. യിസ്രായേൽ കനാൻ ദേശത്തായിരുന്നപ്പോൾ, ലേവ്യർക്കും പുരോഹിതന്മാർക്കും ദേശമല്ല, സമ്പാദ്യമായി ലഭിച്ചത്, മറിച്ചു ദൈവത്തെയാണ് അവരുടെ പ്രത്യേകാവകാശമായി തീർന്നത്. അവർക്കു പാർക്കുവാൻ നാല്പത്തി – എട്ടു പട്ടണങ്ങളും ചുറ്റുമുള്ള ഫലപൂയിഷ്ടസ്ഥലങ്ങളും ലഭിച്ചിരുന്നു (യോശുവ 21:41), മറ്റു ഗോത്രങ്ങൾ അവരെ സഹായിച്ചതുകൊണ്ടു അവർക്കു മുഴുവൻ സമയവും ദൈവത്തെ സേവിക്കുവാൻ കഴിഞ്ഞിരുന്നു. യിസ്രായേൽജനം ദൈവത്തിനു യാഗം അർപ്പിക്കുവാൻ കൊണ്ടു വരുന്നതെല്ലാം അർപ്പിക്കേണ്ടതു ഒരു പുരോഹിതൻ ആയിരുന്നു. പുരോഹിതന്മാരെ ദൈവത്തോടു ബന്ധപ്പെടുവാൻ പ്രത്യേകമായി അവരെ വേർപെടുത്തിയിരുന്നു.

പഴയനിയമത്തിൽ പുരോഹിതന്മാർക്കു മാത്രമുണ്ടായിരുന്ന ഏറ്റവും അടുത്ത കൂട്ടായ്മ, പുതിയ നിയമത്തിൽ എല്ലാ ക്രിസ്ത്യാനികൾക്കും ലഭ്യമായി. സുവിശേഷം മുഖാന്തരം ദൈവഭവനത്തിലേക്കു പ്രവേശിക്കുന്ന ആരെയും ദൈവം “സ്വന്തജനമായി” കണക്കാക്കും (തിത്തൊസ് 2:14), ഒരിക്കൽ “ജനം” അല്ലാത്തവരായിരുന്നവർ ഇപ്പോൾ “ദൈവജനമായി” (1 പത്രൊസ് 2:10). “ദൂരസ്ഥന്മാരായിരുന്നവർ” (എഫെസ്യർ 2:17) ഇപ്പോൾ ദൈവത്താൽ “സമീപസ്ഥരാക്കപ്പെട്ടു,” അതു യേശുവിന്റെ രക്തത്താലും (എഫെസ്യർ 2:13), ദൈവത്താലും (യോഹന്നാൻ 14:23), ക്രിസ്തുവിനാലും (എഫെസ്യർ 3:17; കൊലൊസ്യർ 1:27), പരിശുദ്ധാത്മാവിനാലും (1 കൊരിന്ത്യർ 6:19, 20) നമ്മിൽ വസിക്കുന്നു. പിതാവിന്റെയും യേശുക്രിസ്തുവിന്റെയും (യോഹന്നാൻ 1:3), പരിശുദ്ധാത്മാവിന്റെയും കൂട്ടായ്മയിൽ നാം ദിവസവും നടക്കുന്നു (റോമർ 8:5).

മോശെ സിനായ് പർവ്വതത്തിൽ നിന്നു രണ്ടു കല്പനകളിൽ പത്തുകല്പനകൾ എഴുതപ്പെട്ടതുമായി ഇറങ്ങിവന്നപ്പോൾ, യിസ്രായേൽജനം ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി വിഗ്രഹാരാധന നടത്തുന്നതാണ് കണ്ടത്. അവൻ ആ കല്പലകകൾ എറിഞ്ഞുടച്ചു,

ഇങ്ങനെ പറയുന്നതുപോലെ തോന്നി, "ഞാൻ സിനായ് പർവ്വതത്തിൽ നിന്നു പത്തുകല്പനകളുമായി ഇറങ്ങിവരുന്നതിനു മുൻപുതന്നെ നിങ്ങൾ അവ ലംഘിച്ചുകഴിഞ്ഞു!" അവൻ കാളക്കുട്ടിയെ പൊടിയാക്കി വെള്ളത്തിൽ കലക്കി, അവരെക്കൊണ്ടു കുടിപ്പിച്ചു. മോശെ കൂടാര വാതിൽക്കൽ നിന്നുകൊണ്ടുപറഞ്ഞു, "യഹോവയുടെ പക്ഷത്തി ലുള്ളവൻ എന്റെ അടുക്കൽ വരട്ടെ!" എന്നുപറഞ്ഞ ഉടനെ, മോശെ ക്കരികിലേക്കു ലേവ്യാ ഗോത്രത്തിലെ എല്ലാവരും വന്നുകൂടി. ഈ വിഗ്രഹാരാധനയിൽ കുറ്റമുള്ളവരെയെല്ലാം അവരുടെ പാളയ ത്തിൽപോയി കൊല്ലുവാൻ ആവശ്യപ്പെട്ടു. അതു ദൈവ വിധിയായി അവർ അതു വിശ്വസ്തതയോടെ അനുസരിച്ചു. അവർക്കു ദൈവത്തോടുള്ള വിശ്വസ്തത നിമിത്തം അവരെ മോശെയുടെ കാലത്തെല്ലാം ആദരിച്ചു പുരോഹിത ശുശ്രൂഷക്കായി നിയമിച്ചു. അംരാമിന്റെ കുടുംബത്തിൽപെട്ടവരായിരുന്നു പുരോഹിതന്മാർ, ശേഷം ലേവ്യർ അവരെ ദൈവശുശ്രൂഷയിൽ സഹായിച്ചിരുന്നു. അങ്ങനെ ദൈവം മനുഷ്യർക്കു കൊടുക്കുന്ന ഏറ്റവും വലിയ ആദരവു ലേവ്യർക്കു ലഭിച്ചിരുന്നു - ലോകത്തിൽ നിന്നു തിരഞ്ഞെടുത്ത അവന്റെ ദാസന്മാർ!

ക്രിസ്തു മുഖാന്തരം, പഴയ നിയമത്തിൽ ലേവ്യർക്കുമാത്രം കൊടുത്ത ആ ആദരവു ഇന്നു ഏതൊരാൾക്കും ദൈവം നല്കും. അതു വിശ്വാസത്താലും അനുസരണത്താലും ദൈവത്താൽ വിളിച്ചു - വേർ തിരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ, അവന്റെ വിശുദ്ധ പുരോഹിത വർഗ്ഗമായി ചേർക്കും.

ഈ അത്ഭുത സത്യം നമുക്കു ഒരു സന്ദേശം നല്കുന്നുണ്ട്. ഒന്നാമത്, വീണ്ടെടുക്കപ്പെടുന്നവർ ദൈവമുൻപാകെ വിലയും പ്രാധാ ന്യവുമുള്ളവരാണ് എന്നു നമ്മെ ഓർപ്പിക്കുന്നു. ഒന്നുമല്ലാതിരുന്ന നമ്മെ ദൈവത്തിന്റെ പ്രത്യേക വംശമാക്കി മാറ്റി. നാം വെറും "ഒരു ജനം" അല്ല; നാം "ദൈവത്തിന്റെ ജനം" ആണ്. പുറമെ, ഈ ലോക ത്തിലെ നമ്മുടെ ദൗത്യവും വ്യക്തമാകുന്നു. പ്രത്യേകമായ അർത്ഥത്തിൽ നാം ദൈവദാസന്മാർ ആകുന്നു. കൂടാതെ, ഈ സത്യം നമ്മിൽ നിലയ്ക്കാത്ത നന്ദി പുറപ്പെടുവിച്ചുകൊണ്ടിരിക്കും. നാം എവിടെയായിരിക്കുന്നുവോ, എന്തായിരിക്കുന്നുവോ അതു ദൈവ ത്തിന്റെ കൃപയാലാണ്.

### ദൈവത്തോടുള്ള ഒരു പൗരോഹിത്യവഴി

ക്രിസ്തുവിന്റെ ആത്മീയശരീരത്തിൽ പ്രവേശിച്ചു അംഗങ്ങ ളായവർക്കു ദൈവത്തോടു ഒരു പൗരോഹിത്യ സാമീപ്യമുണ്ട്. അവനെ സമീപിക്കുവാൻ നമുക്കു ഒരു മനുഷ്യന്റെ അടുത്തും പോകേണ്ടതില്ല. ക്രിസ്തു മുഖാന്തരം നമുക്കു ദൈവത്തോടു സമീപിക്കാം.

ഒരു മനുഷ്യ പുരോഹിതൻ മുഖേന മാത്രമേ യെഹൂദന്മാർക്കു ദൈവത്തോടു സമീപിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഒരു പ്രവാചകൻ മുഖാന്തരമോ, ഒരു പുരോഹിതൻ മുഖാന്തരമോ മാത്രമെ ദൈവം

യെഹൂദന്മാരോടു സംസാരിച്ചിരുന്നുള്ളൂ, പുരോഹിതൻ മുഖാന്തരം യെഹൂദന്മാർ ദൈവത്തിനു യാഗവും അർപ്പിച്ചിരുന്നു. യെഹൂദന്മാർക്കു ദൈവവുമായി ബന്ധപ്പെടുവാനുള്ള ഒരു പാലമായി "ഇട - യാൾ" എന്ന നിലയിൽ ഒരു മനുഷ്യൻ അവർക്കു വേണമായിരുന്നു.

ഇന്നു, ക്രിസ്ത്യാനിക്കു യേശുമുഖാന്തരം നേരിട്ടു ദൈവത്തോടു അടുക്കാം. യെഹൂദന്മാർക്കും ജാതികൾക്കും മദ്ധ്യേ ഉണ്ടായിരുന്ന ദൈവത്തിനും മനുഷ്യർക്കും ഇടയിലുണ്ടായിരുന്ന എല്ലാ തടസ്സങ്ങളും ക്രൂശിനാൽ നീക്കി. ഐക്യത അവസാനം കൈവരിച്ചതിന്റെ ഫലമായി ക്രിസ്തുവിൽ യെഹൂദന്മാരും ജാതികളും ഒന്നായി, ഈ സാമീപ്യത്തെ പൗലോസ് പറഞ്ഞിരിക്കുന്നു: ''അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്" (എഫെസ്യർ 2:18). പിന്നീടു പൗലോസ് എഴുതി, "അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്" (എഫെസ്യർ 3:12). ദൈവത്തോടു അടുക്കുവാൻ ക്രിസ്ത്യാനിക്കു യേശു എന്ന ഏക മദ്ധ്യസ്ഥൻ മതി: ''ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ, മനുഷ്യനായ ക്രിസ്തുയേശുതന്നെ" (1 തിമൊഥെയൊസ് 2:5).

എന്റെ ജീവിതത്തിൽ എനിക്കു രണ്ടു പ്രസിഡന്റുമാർ ഉണ്ടായിട്ടുണ്ട്. ഏറ്റവും അടുത്തുള്ള പ്രസിഡന്റ്, ഹാർഡിങ് യൂണിവേഴ്സിറ്റിയിലേതാണ്, അവിടെയാണ് ഞാൻ ബൈബിൾ പഠിപ്പിക്കുന്നത്. അദ്ദേഹമാണ് എന്റെ ബോസ്. അദ്ദേഹത്തെ ഞാൻ എല്ലാ ദിവസവും ചാപ്പലിലും, ടീച്ചേഴ്സ് മീറ്റിങ്ങിലും, ഹാളിൽകൂടെ കടന്നുപോകുമ്പോഴും ഞാൻ പലപ്പോഴും അദ്ദേഹത്തോടു സംസാരിക്കാറുണ്ട്. ഞാൻ അദ്ദേഹത്തെ സാമൂഹ്യ ചടങ്ങുകളിലും, കോളജ് ചർച്ചിലെ ആരാധനാ സമയത്തും കാണും, ഞാൻ പുറത്തു പ്രസംഗിക്കുവാൻ പോകാത്ത സമയത്തു ആരാധനക്കു പോകുന്നതു അവിടെയാണ്. ഞാൻ പലവർഷങ്ങളായി പലപ്പോഴും അദ്ദേഹത്തോടു സംസാരിക്കുകയും ഏറ്റവും അടുത്ത് ഇടപെടുകയും ചെയ്തിട്ടുണ്ട്, ഞാൻ അദ്ദേഹത്തെ എന്റെ സ്നേഹിതൻ എന്നാണ് പറയാറ്, പകൽ സമയത്ത് എപ്പോൾ വേണമെങ്കിലും അദ്ദേഹത്തെ ഫോണിൽ വിളിക്കാം, എന്തും അദ്ദേഹത്തോടു സംസാരിക്കുവാനും എനിക്കു അനുവാദം ഉണ്ടായിരുന്നു. ഞാൻ വിളിക്കുമ്പോൾ അദ്ദേഹം അവിടെ ഇല്ലെങ്കിൽ, വന്നാലുടൻ അദ്ദേഹം എന്നെ വിളിക്കും.

ഞാൻ പറഞ്ഞ രണ്ടാമത്തെ പ്രസിഡണ്ട്, അമേരിക്കൻ പ്രസിഡന്റാണ്. വ്യക്തിപരമായി ഞാൻ ഒരിക്കലും അദ്ദേഹത്തോടു സംസാരിച്ചിട്ടില്ല. ഞാൻ ഒരിക്കൽ മാത്രം അയാളെ നേരിൽ കണ്ടിട്ടുണ്ട്; അതു കുറെ ദൂരെ അദ്ദേഹം ഒരു പരേഡിൽ കാർ ഓടിച്ചു വന്നതായിട്ടാണ്. എനിക്ക് അദ്ദേഹത്തെ പേപ്പറിൽ വായിച്ചതും ടിവിയിൽ കണ്ടതും മാത്രമായതുകൊണ്ടു അദ്ദേഹത്തെ ഒരു സ്നേഹിതനെപോലെ അറിയാം എന്നു പറയാനാവില്ല. അദ്ദേഹത്തിന്റെ ജീവിതത്തെ പറ്റി പ്രഥമവിവരങ്ങൾ ഒന്നും അറിയില്ല; അദ്ദേഹത്തിനു എന്നെക്കുറിച്ചും ഒന്നും അറിയില്ല. ഒരു മുഖ്യ ആവശ്യത്തിനു,

അദ്ദേഹത്തെ വിളിക്കണം എന്നുണ്ടെങ്കിൽ, എനിക്കു നേരിട്ടു അദ്ദേഹത്തോടു സംസാരിക്കുവാൻ അനുവാദമില്ല, സന്ദേശം അറിയിക്കാമെന്ന വാഗ്ദാനം മാത്രം എനിക്കു ലഭിക്കും. എന്റേതിൽനിന്നു ലോകത്തിൽ വളരെ അകലെയാണ് അദ്ദേഹം ജീവിക്കുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തോടു എനിക്കു നാലു വർഷത്തിലൊരിക്കൽ പ്രസിഡന്റു തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതൊഴിച്ചു ഒരു ബന്ധവുമില്ല. അദ്ദേഹം ചെയ്യുന്നതു എന്നെ ബാധിച്ചേക്കാം; പക്ഷെ അദ്ദേഹം എന്നെ ഒരിക്കലും കാണുന്നില്ല, ഞാൻ കാണുന്നതോ ദൂരെ നിന്നുമാത്രം.

ആ രണ്ടു പ്രസിഡന്റുമാർ തമ്മിലുള്ള വ്യത്യാസം എന്താണ്? അതു നിസ്സാരമായി ഇതാണ്: ഒരാളോടു എനിക്കു സാമീപ്യമുണ്ട്, മറ്റൊരാളോടു എനിക്കു സാമീപ്യമില്ല. വ്യത്യാസം ആ ഒരു വാക്കിനാണ് ഉള്ളത്: "സാമീപ്യം." ഞാൻ ക്രിസ്ത്യാനി ആയതുകൊണ്ടു, എനിക്കു ദൈവത്തോടുള്ള ബന്ധം, ഹാർഡിങ് യൂണിവേഴ്സിറ്റിയിലെ പ്രസിഡന്റിനോടുള്ള ബന്ധമാണ്. ക്രിസ്തു മുഖാന്തരം, എനിക്കു ദൈവത്തോടു തുറന്നതും തടസ്സമില്ലാത്തതും ആയ പ്രവേശനം ഉണ്ട്. ഏതു സമയത്തും പ്രാർത്ഥനയിൽ എനിക്കു അവനോടു സമീപിക്കാം. അവന്റെ സൗഹൃദത്തിലും ശക്തിയിലും ഞാൻ ദിവസേന നടക്കുന്നു. അവൻ സർവ്വശക്തനായ ദൈവം ആകയാൽ, അവൻ ഒരിക്കലും ഹോൾഡ് ചെയ്ത് പിടിക്കുവാൻ ആവശ്യപ്പെടുകയില്ല, അല്ലെങ്കിൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ തിരിച്ചു വിളിക്കുകയുമില്ല. അവന്റെ സന്നിധിയിലേക്കുള്ള എന്റെ പ്രവേശനത്തിനു, ക്രിസ്തുകാരണം, എല്ലായ്പ്പോഴും തുറന്നിരിക്കും. അവൻ എന്നെ തന്റെ സന്നിധിയിലേക്കു ചെല്ലുവാൻ അനുവദിക്കുക മാത്രമല്ല, അവൻ പ്രവേശിക്കുവാൻ എന്നെ സ്വാഗതവും ചെയ്യുന്നു. അവൻ എന്റെ കൂട്ടായ്മ ആഗ്രഹിക്കുന്നു, ഞാൻ അവന്റേയും. അവൻ സത്യത്തിൽ എന്റെ സ്വർഗ്ഗീയ പിതാവാണ്.

ഒരു ക്രിസ്ത്യാനിയായ എനിക്ക് ദൈവത്തോടു ഉള്ളതായ സാമീപ്യം യെഹൂദന്മാർക്കു മോശെയുടെ ന്യായപ്രമാണത്തിൻകീഴിൽ ഉണ്ടായിരുന്നില്ല. അവർ ലേവ്യാ പൗരോഹിത്യത്തിലൂടെയാണ് ദൈവത്തോടു അടുത്തത്. ദൈവം അവരുടെ സഹചാരിയായിരുന്നു, എന്നാൽ അവർക്കു ദൈവത്തോടു മനുഷ്യപുരോഹിതനുമായുള്ള സാമീപ്യം പരിമിതമായിരുന്നു.

ക്രിസ്ത്യാനികൾക്കുള്ള ഈ പൗരോഹിത്യവഴി നമ്മെ ഉത്തേജിപ്പിക്കുക മാത്രമല്ല, ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നുണ്ട്. ദൈവം തന്റെ സന്നിധിയിലേക്കു നമ്മെ സ്വാഗതം ചെയ്യുകയും, കൂട്ടായ്മ ഇഷ്ടപ്പെടുകയും, ഒരു അപ്പന്റെ അടുക്കൽ കുട്ടികൾക്കു പ്രവേശനം അനുവദിക്കുന്നതുപോലെ അവന്റെ അടുക്കൽ ചെല്ലുവാൻ നമുക്കു സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യുന്നു. പ്രാർത്ഥന മുഖാന്തരം, ദൈവത്തോടുള്ള കൂട്ടായ്മയുടെ അവസരവും, തുണയായി, ആത്മീയ സേവനവും നടത്താം.

## ദൈവത്തിനുള്ള പൗരോഹിത്യ കൃത്യം

ക്രിസ്ത്യാനികൾ ആയിട്ട്, നമുക്കു ഒരു പൗരോഹിത്യ കൃത്യം ഉണ്ട്. നാം പുരോഹിതന്മാരുടെ പ്രവൃത്തിയാണ് ചെയ്യുന്നത്.

പഴയനിയമത്തിൽ, എല്ലാ യിസ്രായേലിന്നും വേണ്ടി പുരോഹിത ന്മാരാണ് യാഗം കഴിക്കുന്നത്. ആരാധന അർപ്പിക്കുമ്പോൾ പുരോഹിത ന്മാർക്കുമാത്രമേ സമാഗമന കൂടാരത്തിന്റെ വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാവൂ. സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ നില്ക്കുന്ന സാധാരണ യിസ്രായേല്യരെ പ്രതിനിധാനം ചെയ്യുന്നതു പുരോഹിത ന്മാരായിരുന്നു. വലിയ പ്രായശ്ചിത്തദിവസം, മഹാപുരോഹിതൻ ദൈവ സന്നിധിയിൽ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കും, പാപപരിഹാര യാഗരക്തവുമായിട്ടാണ് പ്രവേശിക്കുന്നത്, അതു ദേശത്തിന്റെ പാപങ്ങൾ അടുത്ത പ്രായശ്ചിത്ത ദിവസം വരെ ശുദ്ധീകരിക്കപ്പെടേ ണ്ടതിനായിരുന്നു. ഈ ആരാധനാ ഉത്തരവാദി ത്വങ്ങൾക്കു പുറമെ, പുരോഹിതന്മാർക്കു യിസ്രായേലിനെ ന്യായ പ്രമാണം പഠിപ്പിക്കുക എന്ന പ്രത്യേക ദൗത്യവുമുണ്ടായിരുന്നു, അതുകൊണ്ട് അവന്റെ ഇഷ്ടത്തിൽ ആ ദേശത്തിനു വിശ്വാസം ഉണ്ടാകയും ചെയ്യും.

പഴയനിയമകാലത്ത് പുരോഹിതന്മാർ ചെയ്തതായ പൗരോഹി ത്യകൃത്യം പോലെയാണ് ഇന്ന് ക്രിസ്തീയ കാലയളവിൽ ക്രിസ്ത്യാ നികൾ ചെയ്യേണ്ടത്. എന്നാൽ ക്രിസ്തീയ കാലഘട്ടത്തിൽ മൃഗയാഗമല്ല, ആത്മിയയാഗങ്ങളായ, പാട്ടുപാടലും, പ്രാർത്ഥനയും, കർത്തൃമേശ ആചരിക്കലും, ദൈവവചന പഠനവും നടത്തി ഓരോ ക്രിസ്ത്യാനിയും ദൈവത്തിനു ക്രിസ്തീയ സേവനം നടത്തണം. പാട്ടു പാടുന്ന തിനെക്കുറിച്ചു എബ്രായലേഖകൻ പറഞ്ഞു, "അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക'' (എബ്രായർ 13:15). സ്വർണ്ണധൂപകലശത്തിൽ നിന്നുയരുന്ന ധൂപം ആയിട്ടാണ് വിശുദ്ധന്മാരുടെ പ്രാർത്ഥനയെ വെളിപ്പാടു പുസ്തകത്തിൽ ആലങ്കാരികമായി വിവരിച്ചിരിക്കുന്നത് (വെളിപ്പാട് 8:3). "യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു സ്വീകാര്യമായ ആത്മിയയാഗം കഴിക്കുക" എന്നതാണ് സഭയുടെ മുഖ്യ ഉദ്ദേശങ്ങളിൽ ഒന്ന് (1 പത്രൊസ് 2:5). ക്രിസ്തുവിന്റെ രക്തം മുഖാന്തരം ക്രിസ്ത്യാനികൾക്കു ദൈവസന്നി ധിയിലേക്കുള്ള വാതിൽ എപ്പോഴും തുറന്നിരിക്കും എന്നു എബ്രായ ലേഖകൻ വ്യക്തമാക്കുന്നു:

> അതുകൊണ്ടു, സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ, വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക (എബ്രായർ 10:19–22).

ക്രിസ്തുയേശു വലിയ, മഹാപുരോഹിതൻ ആയിത്തീർന്നതുകൊണ്ടു, ഓരോ ക്രിസ്ത്യാനിക്കും ഏതുസമയത്തും അവൻ മുഖാന്തരം ദൈവത്തോടു അടുത്തുചെല്ലാം. നമ്മുടെ രക്ഷകൻ ''സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു'' (എബ്രായർ 9:12). പഴയനിയമകാലത്തിലെ മഹാപുരോഹിതന്മാർ, ആണ്ടിലൊരിക്കൽ ദേശത്തിന്റെ പ്രായശ്ചിത്തത്തിനായി മൃഗയാഗം കഴിച്ചു രക്തവുമായി പ്രവേശിക്കുന്നു, എന്നാൽ ക്രിസ്തു തന്റെ സ്വന്തയാഗരക്തവുമായി ഒരിക്കൽ എന്നേക്കുമായാണ് സ്വർഗ്ഗത്തിൽ അർപ്പിച്ചത് (എബ്രായർ 9:24, 25). ഇന്ന്, ക്രിസ്തുവിന്റെ ആ വ്യക്തിപരമായ യാഗത്താൽ, അവൻ നമ്മുടെ എന്നേക്കുമുള്ള പുരോഹിതനായിത്തീർന്നു, അങ്ങനെ ദൈവമുൻപാകെ വ്യക്തിപരമായ പൗരോഹിത്യം നല്കിയിരിക്കുന്നു. അക്കാരണത്താലാണ് സകലമനുഷ്യരും അവന്റെ രക്ഷിക്കുന്ന കൃപ അറിയേണ്ടതിന്നു ക്രിസ്ത്യാനികൾ സകലജാതികളോടും ദൈവത്തിന്റെ വചനം പ്രസംഗിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നത് (മർക്കൊസ് 16:15, 16).

ഒരു വസ്തുവിന്റെ പ്രവൃത്തിയെ സാധാരണ അതിന്റെ തിരിച്ചറിയൽ സൂചിപ്പിക്കുന്നു. നീണ്ടകയ്യും, പരന്നുമൂർച്ചയുള്ള ഇരുമ്പുകൊണ്ടുള്ള അറ്റവും അടങ്ങുന്ന, കിളക്കുവാനുപയോഗിക്കുന്ന ഉപകരണത്തെ, നാം തൂമ്പ എന്നു വിളിക്കുന്നു. ചെറിയ പിടിയും അറ്റത്തു ലോഹക്കട്ടിയും ഒരറ്റം പരന്നതുമായ ഉപകരണത്തെ, നാം ചുറ്റിക എന്നു വിളിക്കും. ആണി അടിക്കുവാൻ നാം അതിനെ ഉപയോഗിക്കും. ക്രിസ്ത്യാനികൾ ദൈവസന്നിധിയിൽ പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതുകൊണ്ടു അവരെ പുരോഹിതന്മാർ, എന്നു പുതിയനിയമത്തിൽ വിളിച്ചിരിക്കുന്നതിൽ അതിശയിക്കാനില്ല. ക്രിസ്ത്യാനികളെ പ്രത്യേകമായി മൂന്നു പ്രാവശ്യം പുതിയ നിയമത്തിൽ പുരോഹിതന്മാർ എന്നു പറഞ്ഞിട്ടുണ്ട് (വെളിപ്പാട് 1:6; 5:10; 20:6); അവരുടെ പ്രവൃത്തികളിൽ പൗരോഹിത്യവും ഉൾപ്പെട്ടിരിക്കുന്നതായി മറ്റനേകം പ്രാവശ്യം പറഞ്ഞിട്ടുണ്ട് (1 പത്രൊസ് 2:5, 9; എബ്രായർ 13:15).

ഈ ലോകത്തിൽ നാം കർത്താവിനാൽ വിളിക്കപ്പെട്ട സത്യം നാം ദൈവത്തിനു പുരോഹിതന്മാരായി വേല ചെയ്യേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. പഴയ നിയമ പുരോഹിതന്മാർക്കു അവർക്കു ചുറ്റുമുള്ള പ്രവൃത്തികളുടെ പ്രാധാന്യം ബോധ്യമുണ്ട് - കാരണം അവർ ദൈവമുൻപാകെ ദേശത്തെ ആരാധനയിലും സേവനത്തിലും നയിക്കേണ്ട പ്രത്യേക സേവനമാണ് അവരുടേത്. അതുപോലെ, ഇന്നു ദൈവത്തിന്റെ വിശുദ്ധ പുരോഹിതവർഗ്ഗം, ആയ നാം, ദൈവത്തെ ആരാധിക്കയും, സേവിക്കയും, നന്ദിയോടെ ഈ ഭൂമിയിൽ ദൈവം തന്ന അതുല്യമായ പ്രവൃത്തികൾ ഉപദേശിക്കയും വേണം.

നാം ദൈവത്തിന്റെ പുരോഹിതന്മാരായി പ്രവർത്തിക്കുന്നതുകൊണ്ടു, നമ്മുടെ വലിയ ഉത്തരവാദിത്വം നമുക്കു ബോധ്യമാകണം. ഒരു ലോറിക്കമ്പനി, ലോറിയുമായി പുറത്തേക്കു പോകുന്ന

ഡ്രൈവർമാരുടെ ശ്രദ്ധക്കു ഗെയിറ്റിനുമുകളിൽ ഒരു ബോർഡു വെക്കുകയുണ്ടായി. അതു വായിക്കുന്നു, ''ഈ ഗെയിറ്റിനു പുറത്തുനിങ്ങൾ കമ്പനിയുടെ പ്രതിനിധികളാണ്.'' ആളുകൾ ആ ലോറി ഡ്രൈവർമാരെ കാണുമ്പോൾ, അവർ കമ്പനിയെയാണ് കാണുന്നത്. നാം ദൈവത്തിന്റെ പുരോഹിതന്മാരായതുകൊണ്ടു ലോകത്തിൽ നാം ദൈവത്തെ പ്രതിനിധീകരിക്കുന്നവരാണ്. ഒരു സഹപുരോഹിതനായി, നാം നമ്മുടെ ഉത്തരവാദിത്വം ഗൗരവമായി എടുക്കുന്നുണ്ടോ?

**ഉപസംഹാരം**

ക്രിസ്തീയയുഗത്തിൽ, അപ്പോൾ, ക്രിസ്ത്യാനികൾ ദൈവത്തിന്റെ വിശുദ്ധപുരോഹിതവർഗ്ഗം ആകുന്നു. നമുക്കു പൗരോഹിത്യ നേട്ടങ്ങൾ നല്കിയിട്ടുള്ളതിനാൽ, നാം ഈ ലോകത്തിൽ ദൈവത്തിന്റെ പൗരോഹിത്യവേല നിറവേറ്റുന്നു. ഏറ്റവും ഉയർന്ന ആദരവു നമുക്ക് ഉണ്ട്, കാരണം നമ്മെ യഹോവയുടെ സ്വന്തജനമായി വിളിച്ചു വേർതിരിക്കപ്പെട്ട ജനമാണ്. ഏറ്റവും വലിയ വിളിയാണ് നമുക്ക് ഉള്ളത്, കാരണം ദൈവത്തെപോലെ വിശുദ്ധരാകുവാൻ നമ്മെ വിളിച്ചിരിക്കയാണ്. ഏറ്റവും ശ്രേഷ്ഠമായ ജോലിയാണ് നമുക്ക് ഉള്ളത്, കാരണം നമുക്കു ദൈവത്തിന്റെ പൗരോഹിത്യ നിർവ്വഹണമാണ് ഉള്ളത്.

നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? നിങ്ങൾ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടു, ദൈവത്തിന്റെ ഒരു പുരോഹിതൻ ആയിട്ടുണ്ടോ? എന്തു ലഭിക്കും എന്നതുകൊണ്ടു മാത്രമല്ല, ക്രിസ്ത്യാനി എന്താണ് എന്നും എന്തു ചെയ്യുമെന്നുള്ളതുകൊണ്ടുമാണ് നാം ക്രിസ്ത്യാനി കളാകേണ്ടത്.

നമ്മുടെ താല്പര്യത്തെയും, ഭക്തിയേയും, മൂല്യത്തേയും നമ്മുടെ പാട്ടുകൾ പ്രതിധ്വനിപ്പിക്കുന്നു. അതു സ്വർഗ്ഗത്തിലും വാസ്തവമാണ്. സ്വർഗ്ഗത്തിൽ എന്തുപാട്ടുകൾ ആണ് പാടിയിരുന്നത്? സിംഹാസനത്തി ലിരിക്കുന്നവൻ ഏഴു മുദ്രകളുള്ള പുസ്തകം എടുത്തപ്പോൾ, സ്വർഗ്ഗത്തിൽ പാടിയ പാട്ടു ശ്രദ്ധിക്കുക:

> ''പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും; നീ യോഗ്യൻ നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലെക്കുവാങ്ങി. തങ്ങളുടെ ദൈവത്തിന്നു രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നോരു പുതിയ പാട്ടു അവർ പാടുന്നു" (വെളിപ്പാട് 5:9, 10).

നിങ്ങളുടെ രാജ്യത്തിലെ പ്രസിഡന്റ് നിങ്ങളോടു രാജ്യത്തിലെ കാബിനറ്റിന്റെ ഭാഗമായി ചേർന്നു പ്രവർത്തിക്കുവാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ സ്വീകരിക്കുമോ? മിക്കവാറും. നിങ്ങളുടെ പട്ടണത്തിലെ മേയർ,

പട്ടണത്തിലെ പ്രത്യേകജോലി ചെയ്യുവാൻ ആവശ്യപ്പെട്ടാൽ ആ ജോലി നിങ്ങൾ സ്വീകരിക്കുമോ? തീർച്ചയായും നിങ്ങൾ സ്വീകരിക്കും. പ്രപഞ്ചസൃഷ്ടാവായ, ദൈവം, തന്റെ പുത്രൻ മുഖാന്തരം നിങ്ങളെ വീണ്ടെടുത്ത്, അവന്റെ വിശുദ്ധ പുരോഹിതവർഗ്ഗമായി പ്രവർത്തിപ്പാൻ ആവശ്യപ്പെട്ടിരിക്കയാണ്. നിങ്ങൾ സ്വീകരിക്കുമോ?

### ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. നിങ്ങളുടെ രാജ്യത്തിലെ കുട്ടികൾക്കുള്ള നിയമങ്ങളും, മുതിർന്നവർക്കുള്ള നിയമങ്ങളും തമ്മിൽ താരതമ്യം ചെയ്യുക.
2. ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാർ, മോശെയുടെ ന്യായപ്രമാണമാണോ അനുസരിക്കേണ്ടതു അതോ പുതിയ നിയമമാണോ എന്നതിൽ പരിഭ്രാന്തരായിരുന്നു എന്നതു വിശദമാക്കുക.
3. ക്രിസ്ത്യാനിയായിത്തീർന്ന യെഹൂദൻ വാസ്തവത്തിൽ വ്യത്യാസമുള്ള വനായിതീർന്നോ? നിങ്ങൾ എന്തു വിചാരിക്കുന്നു?
4. ദൈവവും പഴയനിയമ പുരോഹിതനും തമ്മിൽ എന്തു പ്രത്യേക ബന്ധമാണ് ഉണ്ടായിരുന്നത്?
5. ഇന്നു ദൈവത്തിന്റെ പുരോഹിതന്മാർ പ്രാധാന്യവും വിലയും ഉള്ളവരായി ത്തീരുന്നത് എങ്ങനെ?
6. “ദൈവത്തോടുള്ള പ്രവേശനം” എന്ന വാക്കിന്റെ അർത്ഥം എന്ത്?
7. ദൈവത്തോടുള്ള പ്രവേശനം നിമിത്തം നമുക്കു ലഭിക്കുന്ന പ്രത്യേക അനുഗ്രഹങ്ങൾ ഏവ?
8. ഇന്നു നാം ദൈവത്തിന്റെ പുരോഹിതന്മാരായി പ്രവർത്തിക്കുന്നതു എങ്ങനെ?
9. ക്രിസ്ത്യാനികൾ ദൈവത്തിനു പുരോഹിതന്മാർ ആണെന്നുള്ള വാക്യങ്ങൾ എഴുതുക.
10. വിശ്വാസികളുടെ പൗരോഹിത്യത്തെ വെളിപ്പാട് 5:9, 10 എങ്ങനെ വെളിപ്പെടുത്തുന്നു?
11. ഇന്നു ഒരാൾ എങ്ങനെയാണ് ദൈവത്തിന്റെ പുരോഹിതൻ ആകുന്നത്?
12. ആർക്കെങ്കിലും ഇന്നു ദൈവത്തിന്റെ പുരോഹിതൻ ആകാൻ കഴിയുമോ?

© 2009 Truth for Today